Reg. No.: ...............................

Name : ...................................

BRENNEN COLLEGE LIBRARY TELLICHERRY

K17U 2024

**III Semester B.A./B.Sc. Degree (CBCSS-Reg.)**
**Examination, November 2017**
**(2016 Admission)**
**COMMON COURSE IN MALAYALAM**
**3 A 09 MAL : മലയാള കവിത**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) കുഞ്ചൻ നമ്പ്യാരുടെ പ്രകൃതി ചിത്രീകരണ പാടവം കല്യാണസൗഗന്ധികത്തിൽ എത്രത്തോളം കാണാം ? വിവരിക്കുക.

2) 'പ്രേമസംഗീതം' എന്ന കവിതയുടെ ആശയതലത്തെപ്പറ്റി ഉപന്യസിക്കുക.

3) കവിതയെ നർത്തകിയായി ചിത്രീകരിച്ചതിലെ ഔചിത്യം 'കാവ്യനർത്തകി'യെ ആസ്പദമാക്കി നിരൂപണം ചെയ്യുക.

4) 'ദേവാസുരം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) കല്യാണസൗഗന്ധികം തുള്ളലിലെ ഭീമന്റെ സ്വഭാവം നിരൂപണം ചെയ്യുക.

6) ''ദാസോസ്മി കോസലേന്ദ്രസ്യ രാമസ്യ ഞാൻ'' വക്താവാര് ? പ്രസ്താവനയുടെ പൊരുൾ വ്യക്തമാക്കുക.

7) ''ഒരു ജന്തുവിനും സ്വപുത്രരിൽ
പരുഷത്വം വിധി നൽകിയില്ലതാൻ'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം'' സാരസ്യം വ്യക്തമാക്കുക.

9) ''മമമുന്നിലെന്തൊരു സൗന്ദര്യമേളം
മുനിമാരും നുകരാത്ത സുഖചക്രവാളം'' – ആ സൗന്ദര്യമേളത്തിന്റെ പ്രത്യേകതയെന്ത് ?

10) ''പണ്ടു ഞാനീവണ്ണമുള്ളൊരു വസ്തുവെ –
കണ്ടറിയുന്നീല കാന്ത ! ധരിക്കെടോ'' പരാമർശിക്കുന്നതെന്ത് ? കാവ്യത്തിൽ അതിനുള്ള പ്രസക്തി വ്യക്തമാക്കുക. **(4×3=12)**

P.T.O.

III. 100 വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക.

11) 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിതയുടെ പ്രാധാന്യം വിശദീകരിക്കുക.

12) ''കേളിയേറിന മേല്പത്തൂരിന്റെ വിഭക്തിയെ –
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം'' സാരസ്യം വിശദമാക്കുക.

13) ''എന്നതു കേട്ടൊരു കന്യകതാനപ്പോൾ
മുന്നേതിലേറ്റവും ഖിന്നയായി'' – ആരാണ് ഖിന്നയായത് ? കാരണമെന്ത് ?

14) ''ഒളിജീവിതമോ തനിക്കു താൻ
തനിയേ കാവലിരിപ്പതാം സദാ'' സന്ദർഭം, സാരസ്യം എന്നിവ വിശദീകരിക്കുക.

15) ''അവൾ നീരാടവെ നീല –
ദർപ്പണം പാഴ് ചളിക്കുളം'' – കല്പനയുടെ സാംഗത്യം വിശദീകരിക്കുക.

16) 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയുടെ ആശയം ചുരുക്കി എഴുതുക.

**(4×2=8)**

IV. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

17) ''ഉണ്ടൊരു കൃതി – അല്ലാ, വികൃതി – എന്റേതായ്'' ഏത് കവിതയിലെ വരി ?

18) ചെറുശ്ശേരി ഏറ്റവും കൂടുതലായി ഉപയോഗിച്ച അലങ്കാരം ഏതായിരുന്നു ?

19) കുഞ്ചൻ നമ്പ്യാരുടെ ജന്മസ്ഥലമായി കരുതുന്ന ദേശം ഏത് ?

20) 'കവിയുടെ കാല്പാടുകൾ' ആരുടെ ആത്മകഥയാണ് ?

21) 'ഗസൽ' എന്ന കവിതാസമാഹാരത്തിന്റെ കർത്താവാര് ?

22) 'കൊച്ചുതൊമ്മൻ' ആരുടെ കൃതിയാണ് ?

23) ''വരുമാപത്തുകളാർക്കുമൂഴിയിൽ'' ഏത് കവിതയിലെ വരി ?

24) 'കാവുതീണ്ടല്ലേ' എന്ന കൃതി ഏത് സാഹിത്യരൂപത്തിൽ ഉൾപ്പെടുന്ന കൃതിയാണ് ?

**(6×1=6)**